ഹരിതനിർമ്മാണ നയം

15 (*255) ശ്രീ. കെ. അച്ചുതൻ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. വർക്കല കഹാർ :

ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്കായി " ഹരിത നിർമ്മാണ നയത്തിന് " രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ നയത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) കെട്ടിടങ്ങളിലെ ഊർജ്ജ ഉപഭോഗവുമായി ബന്ധപ്പെട്ട് എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(സി) നയം നടപ്പാക്കാൻ എന്തൊക്കെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) 7-3-2013-ലെ സ.ഉ (എം.എസ്) നം.28/2013/പൊ.മ.വ പ്രകാരം ഹരിത നിർമ്മാണ നയത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പ്രകൃതി വിഭവങ്ങളുടെ സംരക്ഷണം, കാര്യക്ഷമമായ മാലിന്യ നിർമ്മാർജ്ജനം, അന്തരീക്ഷ, ജല മലിനീകരണം കുറയ്ക്കുക എന്നിവവഴി ആവാസ വ്യവസ്ഥയെയും ജൈവ വൈവിദ്ധ്യത്തെയും സംരക്ഷിക്കുന്നതിനും അങ്ങനെ പരിസ്ഥിതിക്കുണ്ടാവുന്ന ആഘാതം പരമാവധി കുറയ്ക്കുവാനും നയം വ്യവസ്ഥ ചെയ്യുന്നു. 40% മുതൽ 60% വരെ ജലത്തിന്റെ ഉപയോഗവും ഊർജ്ജത്തിന്റെ ഉപയോഗവും കുറയ്ക്കുവാൻ നയം വ്യവസ്ഥ ചെയ്യുന്നു. കാര്യക്ഷമമായ മലിനീകരണ നിർമ്മാർജന പദ്ധതികൾ അവലംബിക്കുക വഴി അന്തരീക്ഷ മലിനീകരണവും നിർമ്മാണ വേളയിലുണ്ടാകുന്ന മലിനീകരണവും തടയുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) കെട്ടിടങ്ങളിലെ ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിലേയ്ക്കും പാരമ്പര്യ ഊർജ്ജത്തിന്റെ ഉപയോഗം കൂട്ടുന്നതിനുംവേണ്ടി എം.എൻ.ആർ.ഇ അനെർട്ട് തുടങ്ങിയ കേന്ദ്ര ഏജൻസികളുടെ സഹായത്തോടെ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതാണ്. കൂടാതെ പുതുതായി നിർമ്മിക്കുന്നതും നിലവിലുള്ളതുമായ

LIBRARY ARCHIVES Kerala Legislative Assembly

നിശ്ചിത വിസ്തീർണ്ണത്തിനു മുകളിലുള്ള കെട്ടിടങ്ങളിൽ സൗരോർജ്ജ പാനലുകൾ നിർബന്ധമാക്കിയിട്ടുണ്ട്. സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന വൈദ്യുതി വിളക്കുകൾ, ഇൻവെർട്ടറുകൾ, വാട്ടർ ഹീറ്ററുകൾ എന്നിവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതാണ്. നിർമ്മിതികളിൽ പരമാവധി കാറ്റും വെളിച്ചവും ലഭ്യമാകത്തക്കരീതിയിൽ രൂപകൽപ്പന നടത്തുന്നതുവഴി ഊർജ്ജത്തിന്റെ ഉപഭോഗം കുറയ്ക്കുവാൻ കഴിയും. എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡിലെ (ECBC) ഊർജ്ജ സംരക്ഷണ നിബന്ധനകൾ പ്രകാരമുള്ള സ്റ്റാർ റേറ്റിംഗുള്ള ഉപകരണങ്ങൾ ഉപയോഗിച്ചും ഒക്കുപ്പൻസി സെൻസറുകൾ ഉപയോഗിച്ചും ഊർജ്ജക്ഷമമായ മോട്ടറുകൾ, എ.സി. കൾ എന്നിവ ഉപയോഗിച്ചും ഊർജ്ജ ഉപഭോഗം കുറയ്ക്കാൻ കഴിയുന്നതാണ്.

(സി) പൊതുമരാമത്ത് വകുപ്പ് 2014 മാർച്ച് മുതൽ തയ്യാറാക്കുന്ന എല്ലാ രൂപകൽപ്പനകളും ഹരിത നിർമ്മാണ തത്വങ്ങൾക്കനുസൃതമായാണ് ചെയ്യുന്നത്. അതനുസരിച്ച് ഗ്രഹയുടെ (GRIHA-Green Rating of Integrated Habitat Assessment) 3 സ്റ്റാർ പദവി ലഭ്യമാകുന്ന രീതിയിലാണ് കെട്ടിടങ്ങൾ രൂപകല്പന ചെയ്യുന്നത്. ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സുകളുടെ ടൈപ്പ് ഡിസൈനും ഹരിത നിർമ്മാണ തത്വങ്ങൾക്കനുസൃതമായാണ് ചെയ്തിട്ടുള്ളത്.

വിദ്യാഭ്യാസ അവകാശ നിയമം

16 (*256) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതോടനുബന്ധിച്ച് പൊതുവിദ്യാലയങ്ങളിൽ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പൊതുവിദ്യാലയങ്ങളോട് രക്ഷകർത്താക്കൾക്കുള്ള അകൽച്ച ഇല്ലാതാക്കാൻ എന്തെങ്കിലും നടപടി ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly